# Desabhimani

## 31 August 2018

## Thiruvananthapuram, Fishermen, Coast Guard, Recruitment

# മത്സ്യത്തൊഴിലാളി യുവാക്കളെ തീരദേശസേനയുടെ ഭാഗമാക്കും

**ദുരിതാശ്വാസ ക്യാമ്പുകൾ പിടിച്ചെടുക്കാൻ ആരെയും അനുവദിക്കില്ല**

**തിരുവനന്തപുരം**

മത്സ്യത്തൊഴിലാളി മേഖലയിലെ സമർഥരായ യുവാക്കളെ തീരദേശസേനയുടെ ഭാഗമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടമായവർക്ക് രേഖകൾ സമയബന്ധിതമായി നൽകാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഫോർട്ട്കൊച്ചിയിലെ സ്കൂബാ ഡൈവിങ് ട്രെയ്നിങ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ട്രെയ്നിങ് ഇൻ വാട്ടർ റസ്ക്യു ആയി ഉയർത്തും.

ദുരിതാശ്വാസ ക്യാമ്പുകൾ പിടിച്ചെടുക്കാൻ ആരെയും അനുവദിക്കില്ല. ദുരിതാശ്വാസ നിധിയിലെ തുക ചെലവഴിക്കുന്നതിന് നേരത്തെ തന്നെ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. മാലിന്യം കുന്നുകൂടുന്നത് തടയാൻ ഓരോ പഞ്ചായത്തിലും ഒന്നോ അധികമോ യാഡുകൾ വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരന്തംനേരിടാൻ ജലസേചന വകുപ്പും വൈദ്യുതി ബോർഡും കാര്യക്ഷമമായാണ് പ്രവർത്തിച്ചത്. കേന്ദ്ര സർക്കാരിൽനിന്ന് സ്പെഷ്യൽ പാക്കേജ് ആവശ്യപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.